# കേരള സർവകലാശാല

നം.പി.ആർ.157/2020 ഫോൺ: 2305738

## <u>പത്രക്കുറിപ്പ്</u>

### <u>വൈവ /പ്രാക്ടിക്കൽപരീക്ഷ</u>

2020 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ തമിഴ്, എം.എ പൊളിറ്റിക്കൽ സയൻസ് പരീക്ഷകളുടെ വൈവ ആഗസ്റ്റ് 24 നും, എം.എ ഇസ്ലാമിക് ഹിസ്റ്ററി പരീക്ഷയുടെ വൈവ സെപ്റ്റംബർ 9 നും ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

2020 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി പരീക്ഷയുടെ വൈവ ആഗസ്റ്റ് 24, 26 തീയതികളിൽ അതതു സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.എസ്.സി കൌൺസിലിംഗ് സൈക്കോളജി, സൈക്കോളജി പരീക്ഷകളുടെ വൈവ യഥാക്രമം ആഗസ്റ്റ് 24, 25, 26 തീയതികളിലും പ്രാക്ടിക്കൽ സെപ്റ്റംബർ 7, 8, 9, 11, 14 തീയതികളിലും നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി പരീക്ഷയുടെ പ്രാക്ടികൽ പരീക്ഷയും വൈവയും ആഗസ്റ്റ് 26 നും കെമിസ്ട്രി പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയും വൈവയും സെപ്റ്റംബർ 15 നും ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പുതുക്കിയ പരീക്ഷാ തീയതികൾ

കേരള സർവകലാശാല റദ്ദാക്കിയ ജൂൺ 9 ന് നടന്ന അവസാന വർഷ ബി.കോം (ആനുവൽ സ്കീം) മാനേജ്മെന്റ് അക്കൌണ്ടിംഗ് പുഃനപരീക്ഷ ആഗസ്റ്റ് 26 ന് നടത്തുന്നതാണ്. ഈ പരീക്ഷയ്ക്ക് ഗവ.സംസ്കൃത കോളേജ്, തിരുവനന്തപുരം എഴുതിയ എല്ലാ വിദ്യാത്ഥികളും എസ്.എൻ കോളേജ്, ചെമ്പഴന്തിയിൽ പുനഃപരീക്ഷ എഴുതേണ്ടതാണ്. ക്രൈസ്റ്റ് നഗർ കോളേജ്, മാറനല്ലൂരിൽ പരീക്ഷയെഴുതിയ രജിസ്റ്റർ നം.3031501366, 3031601124, 3031701001 മുതൽ 3031701126 വരെയുള്ള വിദ്യാർത്ഥികൾ ക്രൈസ്റ്റ് നഗർ കോളേജ്, മാറനല്ലൂരിലും, 30317011027 മുതൽ 301701215 വരെയുള്ള വിദ്യാർത്ഥികളും, എല്ലാ സപ്ലിമെന്ററി വിദ്യാത്ഥികളും (രജിസ്റ്റർ നമ്പർ 1401026-1401498, 3031501005-3031501399 3031601005-3031601395, 91505-91519) മദർ തെരേസ കോളേജ്, നെല്ലിക്കാട്ടും പരീക്ഷ എഴുതേണ്ടതാണ്. ബാക്കിയുള്ള എല്ലാ വിദ്യാർത്ഥികളും അതതു പരീക്ഷാ കേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

## ഹരിതാലയം - ആദ്യ വിളവെടുപ്പ് സ്പെഷ്യൽ സ്കൂളിന് സംഭാവന ചെയ്തു

കേരള സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് കേരള സർവകലാശാല നടപ്പിലാക്കിയ ഹരിതാലയം പദ്ധതിയോടനുബന്ധിച്ച്, ആരംഭിച്ച പച്ചക്കറികൃഷിയുടെ ആദ്യ വിളവെടുപ്പിൽ ലഭിച്ച പച്ചക്കറികൾ പാങ്ങപ്പാറയിലെ സി.എച്ച്.മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെൻ്ററലി ചലഞ്ച്ഡ് സ്കൂളിന് സംഭാവന നൽകി. സർവകലാശാല ബോട്ടണി വിഭാഗത്തിൽ ആരംഭിച്ച പച്ചക്കറികൃഷിയുടെ ആദ്യ വിളവെടുപ്പ് വ്യാഴാഴ്ച രാവിലെ സർവകലാശാല വൈസ് ചാൻസലർ പ്രൊഫ.ഡോ.വി.പി.മഹാദേവൻപിള്ള നിർവഹിച്ചു. വിളവെടുപ്പിൽ പ്രോ-വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, വിദ്യാർത്ഥികൾ, ജീവനക്കാർ എന്നിവർ പങ്കെടുത്തു. കാര്യവട്ടം കാമ്പസിൽ അഞ്ച് ഏക്കറിലായി പയർ, വെള്ളരി, വെണ്ട, തക്കാളി, പൈനാപ്പിൾ, നിലക്കടല, വഴുതന തുടങ്ങി വിവിധതരം പച്ചക്കറികളാണ് കൃഷി ചെയ്യുന്നത്.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**
**20.08.2020**

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**